ഖുത്വ്ബ നമ്പർ
**25**
**21-06-2013**

بسم الله الرحمن الرحيم O نحمده ونصلي على رسوله الكريم O وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്**

# സത്യം പറയുന്നതിന്റെ അന്തസാരം

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَقُولُوا۟ قَوْلًا سَدِيدًا ﴿٧١﴾
يُصْلِحْ لَكُمْ أَعْمَٰلَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ
وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧٢﴾

ഈ വചനത്തിന്റെ അർത്ഥം ഇപ്രകാരമാകുന്നു. വിശ്വസിച്ചവരെ! അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്ക് പറയുക.(അങ്ങിനെ ചെയ്യുന്നതായാൽ) അവൻ നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് നന്നാക്കിതരികയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹുവിനെയും അവന്റെ ദൂതനെയും ആരാണോ അനുസരിക്കുന്നത് അവൻ തീർച്ചയായും മഹത്തായ വിജയം പ്രാപിക്കുന്നതാണ്. (33:71,72)

ഈ വചനങ്ങളിൽ അല്ലാഹു ദൈവഭയം കരസ്ഥമാക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു, ചൊവ്വായ വാക്ക് പറയുക. നേരായതും സുതാര്യവുമായ വാക്കുകൾ പറയുക. ഹദ്റത് മസീഹ് മൗഊദ് (അ) തൽസംബന്ധമായി പറയുന്നു, തികച്ചും സത്യവും ബുദ്ധിപരവുമായ കാര്യങ്ങൾ പറയുക എന്നതാണ് ചൊവ്വായ വാക്ക് എന്നത് കൊണ്ടുള്ള താൽപര്യം. അനാവശ്യവും കള്ളവും അൽപം പോലും ഇതിൽ ഉണ്ടായിരിക്കരുത്. മറ്റൊരിടത്ത് പറയുന്നു, വിശ്വാസികളെ! അല്ലാഹുവിനെ ഭയപ്പെടുക. സത്യവും യഥാർത്ഥവും, സന്ദർഭോചിതവുമായ വാക്കുകൾ പറയുക. പിന്നീട് പറയുന്നു, നിരർത്ഥകങ്ങളായ സംസാരങ്ങൾ പാടില്ല. സന്ദർഭോചിത വാക്കുകൾ പറയുക. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഈ എല്ലാ നിർദ്ദേശങ്ങളിൽ നിന്നും സ്പഷ്ടമാകുന്നത്, അല്ലാഹുവിന്റെ കൽപനകൾക്കനുസൃതമായ ഭയഭക്തിയുടെ അടിസ്ഥാനം കരസ്ഥമാക്കുന്നതിനായി എല്ലാ അവസ്ഥകളിലും, പ്രയാസങ്ങളിലും, എളുപ്പങ്ങളിലും, തീരുമാനം കൽപിക്കുന്നതിലും, (അതായത് ആരിലെങ്കിലും തീരുമാനം കൽപ്പിക്കാനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ) സാക്ഷി പറയുന്നതിലും, വീട്ടിലും കുട്ടികളോടുള്ള സംസാരത്തിലും മറ്റ് കാര്യങ്ങളിലും, ബന്ധുക്കളോടും സുഹൃത്തുക്കളോടുമുള്ള പെരുമാറ്റങ്ങളിലും , കച്ചവടങ്ങളിൽ എന്തെങ്കിലും വാങ്ങുന്നതിലും വിൽക്കുന്നതിലും, ജോലിസ്ഥലങ്ങളിലും എപ്പോഴും സത്യത്തിൽ നിലകൊള്ളുക. കീഴിൽ ജോലിക്കാരുള്ളവർ അവരോടുള്ള പെരുമാറ്റത്തിലും സത്യത്തെ മുറുകെ പിടിക്കുക. ചുരുക്കത്തിൽ നിത്യജീവിതത്തിലെ എല്ലാ സന്ദർഭങ്ങളിലും, നിങ്ങൾ സത്യം മാത്രമേ പറയാവൂ. അതിൽ ഒരു തരത്തിലുള്ള അവ്യക്തതയും ഉണ്ടാകരുതെന്ന് അല്ലാഹു പറയുന്നു. അതായത് ഓരോരുത്തർക്കും അവരവരുടെ ഇഷ്ടത്തിനനുസരിച്ച് പാകപ്പെടുത്താവുന്ന അവ്യക്തത ഉണ്ടാവരുത്. സത്യത്തിൽ നിലകൊള്ളുന്നതിലൂടെ സ്വന്തം നഷ്ടം ഉണ്ടാകുമെങ്കിലും സത്യത്തിൽ അടിയുറച്ച് നിൽക്കേണ്ടതാണ്. സത്യസന്ധതയിലും നേരായ വാക്ക് പറയുന്നതിലും യാതൊരു കളങ്കവും ഉണ്ടാകരുത്.

നിത്യജീവിതത്തിൽ അല്പ സ്വല്പം കളവ് പറയുന്നത് കൊണ്ട് കുഴപ്പമൊന്നും സംഭവിക്കുന്നതല്ല എന്നതാണ് ചിലരുടെ ധാരണ. എന്നാൽ അല്ലാഹു പറയുന്നു, കുഴപ്പമുണ്ട്. നിങ്ങളുടെ ഭയഭക്തിയുടെ നിലവാരം താഴുന്നു. ഭയഭക്തിയുടെ നിലവാരം കുറഞ്ഞ് കുറഞ്ഞ് അവസാനം കളവിന്റെയും വക്രതയുടെയും അടുത്തേക്ക് നിങ്ങളെ എത്തിച്ചേക്കാം. അല്ലെങ്കിൽ മനുഷ്യൻ സത്യത്തിൽ നിന്ന് അകന്നു പോകുകയും കളവിൽ അകപ്പെട്ടു പോകുകുകയും ചെയ്തേക്കാം. പിന്നീട് അല്ലാഹുവിൽ നിന്ന് ദൂരപ്പെടുന്നു. അല്ലെങ്കിൽ സത്യത്തിൽ നിലകൊള്ളുന്നവനല്ല എന്ന കാരണത്താൽ അല്ലാഹുവിൽ നിന്ന് അകറ്റപെട്ടേക്കാം.

അതിനാൽ അല്ലാഹു പറയുന്നു, വിശ്വാസികളാണെങ്കിൽ തഖ്വയെ മുറുകെ പിടിച്ചുകൊണ്ട് എപ്പോഴും ചൊവ്വായ വാക്കുകൾ പറയുക. പറയുന്നു, വാക്കുകൾ വിവേകപരവുമായിരിക്കണം എന്നത് ചൊവ്വായ വാക്കിന്റെ നിലവാരമാകുന്നു. എന്തുതന്നെയായാലും സത്യം വിളിച്ചു പറയണം എന്നതല്ല. ചില സമയത്ത് ചില കാര്യങ്ങൾ സത്യമായിരിക്കും എന്നാൽ എല്ലായിടത്തും അതു പരാമർശിക്കേണ്ടതില്ല. അത് വിവേകപരമായിരിക്കില്ല. കലഹങ്ങൾക്കും വഴക്കുകൾക്കും കാരണമായിത്തീരുന്നു. ഒരാളുടെ രഹസ്യം മറ്റൊരാളോട് പറയുമ്പോൾ ബന്ധത്തിൽ വിള്ളലുണ്ടാകുന്നു. ബന്ധങ്ങളിൽ മുഷിച്ചിൽ ഉണ്ടാകുന്നു. എന്നാൽ ഒരിടത്ത് അല്ലെങ്കിൽ ഒരു സന്ദർഭത്തിൽ വിവേകപരമല്ലാത്ത ഒരു കാര്യം മറ്റൊരിടത്ത് അല്ലെങ്കിൽ സന്ദർഭത്തിൽ ചെയ്യേണ്ടത് അനിവാര്യമായും വരുന്നു. ഉദാഹരണമായി, കാലത്തിന്റെ ഖലീഫയുടെ പക്കൽ പല കാര്യങ്ങളും എത്തിക്കുന്നു. അത് സമുദ്ധാരണത്തിനായിട്ടാണ്. അത് എല്ലായിടത്തും പറയാവുന്ന കാര്യമായിരിക്കില്ല. എന്നാൽ ഇവിടെ എത്തുമ്പോൾ അത് വിവേകപരമായതായി തീരുന്നു. അങ്ങനെ ഒരേ കാര്യം ഒരിടത്ത് കലഹത്തിന് കാരണമാകുകയും മറ്റൊരിടത്ത് സമുദ്ധാരണത്തിന്

കാരണമായിത്തീരുകയും ചെയ്യുന്നു. പിന്നീട് വിവേകപരമായ വാക്കുകൾ എന്താണെന്ന് കൂടുതൽ വിശദമാക്കുന്നുണ്ട്. ചൊവ്വായ വാക്കുകളിൽ യാതൊരു തരത്തിലുമുള്ള വ്യർത്ഥവും അനാവശ്യവുമായ വാക്കുകൾ ഉണ്ടായിരിക്കരുത്. ചിലർ പറയുന്നത് ശരിയായിരിക്കും, സമുദ്ധാരണത്തിനായിട്ടാണെന്ന സങ്കൽപ്പത്തിൽ കാര്യങ്ങൾ എത്തിക്കുന്നു. എന്നാൽ അതിൽ വിശദീകരണമെന്ന നിലയ്ക്ക് സ്വന്തം വിവരണങ്ങളും കൂട്ടിച്ചേർക്കുന്നു. അപ്പോൾ അത് ചൊവ്വായ വാക്കുകൾ ആകുകയില്ല. മറിച്ച്, ചില സന്ദർഭങ്ങളിൽ ചൊവ്വായ വാക്കുകൾക്ക് വിരുദ്ധമായിട്ടായിരിക്കും സമുദ്ധാരണം നടത്തുന്നവർക്ക് മുന്നിൽ എത്തുക. ഒരു സത്യമായ കാര്യത്തിൽ കൂട്ടിച്ചേർക്കുന്ന ഒരു വാക്ക് യാഥാർത്ഥ്യത്തിൽ നിന്ന് തന്നെ അകറ്റിക്കളയുന്നതാകാം. എന്റെ മുന്നിലും പലപ്പോഴും ഇങ്ങനെയുള്ള വസ്തുക്കൾ വരാറുണ്ട്. തൽഫലമായി സമുദ്ധാരണത്തിനായി യഥാർത്ഥ മാർഗം അവലംബിക്കുന്നതിനു പകരം തെറ്റായ മാർഗം അവലംബിക്കുന്നു. അത് സമുദ്ധാരണത്തിനു പകരം കോട്ടം വരുത്തി വെക്കുന്നതായി മാറും. ഉദാഹരണമായി, ചില സന്ദർഭങ്ങളിൽ സമുദ്ധാരണം സൗമ്യമായി മനസ്സിലാക്കി കൊടുക്കുന്നതിലൂടെയോ അല്ലെങ്കിൽ കണ്ടില്ലെന്ന് നടിക്കുന്നതിലൂടെയോ അല്ലെങ്കിൽ നിസാരശകാരത്തിലൂടെയോ ഉണ്ടാകാം. എന്നാൽ ഒരു തെറ്റായ വാക്ക് തീരുമാനം കല്പിക്കുന്നവരെ കഠിനമായ തീരുമാനത്തിലേക്ക് നയിക്കുന്നു. സമുദ്ധാരണത്തിന് പകരം നഷ്ടമായിരിക്കും അതിന്റെ ഫലം. അതുകൊണ്ടാണ് സത്യത്തോടൊപ്പം തന്നെ സന്ദർഭോചിതവാക്കുകൾ ഉണ്ടായിരിക്കണമെന്ന് പറഞ്ഞത്. വാക്കുകൾ സന്ദർഭോചിതമാകുമ്പോഴാണ് ചൊവ്വായ വാക്കുകളാകുക. സമൂഹത്തിന്റെ പരിഷ്കരണവും ശാന്തി സ്ഥാപനവും ഏതവസ്ഥയിലും നില നിൽക്കണം എന്നതാണ് ഹിക്മത്ത്. ഇതായിരിക്കണം ലക്ഷ്യം. കലഹം ലക്ഷ്യമായിരിക്കരുത്.

ഈ ഹിക്മത്തിനെ മുന്നിൽ വെച്ചുകൊണ്ട്, മുമ്പ് പറഞ്ഞതു പോലെ സാഹചര്യവും സന്ദർഭവും അനുസരിച്ചുള്ള വാക്കുകളായിരിക്കണം. അതായത് സത്യമായ എല്ലാ കാര്യങ്ങളും ഹിക്മത്തില്ലാതെയും സാഹചര്യത്തിനും സന്ദർഭത്തിനും അനുസരിച്ചല്ലാതെയും ആണെങ്കിൽ അത് ചൊവ്വായ വാക്ക് ആയിരിക്കില്ല. അത് വ്യർത്ഥവും അനാവശ്യവുമായതായി ഗണിക്കപ്പെടും. ഇത് അല്ലാഹുവിന്റെ തൃപ്തിക്കുപകരം അതൃപ്തി കരസ്ഥമാക്കുന്നതിന് കാരണമാകാം.

അതിനാൽ ഒരു വിശ്വാസിക്ക് ഭയഭക്തി കൈവരിച്ചു കൊണ്ട് ചൊവ്വായ വാക്കുകളുടെ സൂക്ഷ്മ വശങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടത് അനിവാര്യമാകുന്നു. ഭയഭക്തിയുടെ സൂക്ഷ്മതകളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. സൂക്ഷ്മ വശങ്ങളെ കുറിച്ചുള്ള ശ്രദ്ധയുണ്ടെങ്കിൽ അങ്ങിനെയുള്ളവരിൽ അല്ലാഹുവിന്റെ സ്നേഹദൃഷ്ടി പതിയുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു, മനുഷ്യൻ ഭയ ഭക്തിയുടെ സൂക്ഷ്മവശങ്ങളെ പരിഗണിക്കേണ്ടതാണ്. അതായത് ഭയഭക്തിയുടെ സൂക്ഷ്മവശങ്ങളെ മുന്നിൽ വെക്കേണ്ടതാണ്. ഇതിലാണ് സമാധാനം. അഥവാ നിസാര കാര്യങ്ങളെ ശ്രദ്ധിക്കുന്നില്ലായെങ്കിൽ പിന്നീട് ഒരിക്കൽ അതേ നിസാരകാര്യങ്ങൾ വലിയ തിന്മകൾ ചെയ്യുന്നവരാക്കി മാറ്റുന്നതാണ്. പ്രകൃതത്തിൽ അശ്രദ്ധയും അലസതയും ഉടലെടുത്തു കൊണ്ട് അത്തരം മനുഷ്യർ നാശമടയുന്നതാണ്. പറയുന്നു, തഖ്‌വയുടെ ഉന്നത നിലവാരം കരസ്ഥമാക്കുന്നത് നിങ്ങൾ നിങ്ങളുടെ പരമലക്ഷ്യമാക്കി മാറ്റുക. അതിനായി തഖ്‌വയുടെ അതി സൂക്ഷ്മമാർഗങ്ങൾ അനിവാര്യമാകുന്നു.

മറ്റൊരിടത്ത് അദ്ദേഹം പറയുന്നു, യഥാർത്ഥ സുഭിഷതയും സമാധാനവും തഖ്‌വയില്ലാതെ കരസ്ഥമാകുന്നതല്ല. തഖ്‌വയിൽ നിലകൊള്ളുക എന്നത് വിഷം കുടിക്കുന്നതിന് തുല്യമാണ്. പ്രയാസമേറിയ കാര്യമാണ്. തഖ്‌വയിൽ നിലനിന്നു കൊണ്ട് തന്നെ ചില സത്യമായ വസ്തുതകൾ പറയുന്നത് മനുഷ്യനെ പ്രയാസത്തിലകപ്പെടുത്തുന്നതായേക്കാം. പറയുന്നു, ഭയഭക്തി കൈക്കൊള്ളുന്നവർക്കായി അല്ലാഹു സമാധാനത്തിന്റെ എല്ലാ മാർഗങ്ങളും തുറന്നു കൊടുക്കുന്നു.

يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ ۚ وَمَن يَتَّقِ اللَّهَ يَجْعَل لَّهُ مَخْرَجًا ۝
وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ ۚ (65:3,4)

ക്ഷേമത്തിന്റെ അടിസ്ഥാനം തഖ്‌വയാകുന്നു. തഖ്‌വ കരസ്ഥമാക്കുന്നതിനായി നിബന്ധന വെക്കുവാൻ പാടുള്ളതല്ല. തഖ്‌വ കരസ്ഥമാക്കിയാൽ എന്താണോ ആവശ്യപ്പെടുന്നത് അത് ലഭിക്കുന്നതാണ്. അല്ലാഹു ഔദാര്യവാനും കാരുണ്യവാനും ആകുന്നു. തഖ്‌വ കരസ്ഥമാക്കിയാൽ ആഗ്രഹിക്കുന്നത് ലഭിക്കുന്നതാണ്.

ഏതായാലും ദൈവഭയം ലക്ഷ്യമായിരിക്കണം. പിന്നീട് മനുഷ്യന്റെ എല്ലാ കാര്യങ്ങളും സത്യസന്ധതയും മറ്റ് കർമ്മങ്ങളും എല്ലാം തന്നെ നടക്കുന്നതാണ്. അതിനാൽ അല്ലാഹുവിന്റെ ഒരു കല്പനയേയും നിസാരമായി കാണരുത്. ചൊവ്വായ വാക്ക് പറയുക എന്ന കല്പനയിൽ സമൂഹത്തിലെ സമാധാനത്തിന്റെ അടിത്തറയാണുള്ളത്. സമൂഹത്തിലെ സമുദ്ധാരണത്തിന്റെ അടിത്തറ ഇതിലാണ്. അത് കൊണ്ടാണ് സ്ത്രീപുരുഷ ബന്ധത്തിന്റെ ഇസ്‌ലാമിക വിളംബരമായ, ഭാവി തലമുറയെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള തീരുമാനമായ നിക്കാഹ് വേളയിൽ ഈ വചനങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഞാൻ പറഞ്ഞതുപോലെ ഇതിന്റെ പരിധി വീടുകളിൽ മാത്രം പരിമിതമല്ല. മറിച്ച് മുഴുവൻ സമൂഹത്തിലും പരന്ന് കിടക്കുകയാണ്. അതിലൂടെ സമൂഹത്തിൽ കലഹങ്ങളും ഉണ്ടാക്കാം ശാന്തിയും സമാധനവും ഉണ്ടാക്കാം. അതിനാൽ അല്ലാഹു ഉദ്ദേശിക്കുന്നത് പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാകുന്നു.

അടുത്ത ആയത്തിൽ അല്ലാഹു പറയുന്നു, തഖ്‌വയുടെ അതിസൂക്ഷ്മ വശങ്ങളെ കുറിച്ചുള്ള നിങ്ങളുടെ പരിശ്രമം, ചൊവ്വായ വാക്കുകൾ പറയുക എന്ന കല്പനയിൽ ഉറച്ചു നിൽക്കുന്നതിനായുള്ള നിങ്ങളുടെ പരിശ്രമം നിങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അവകാശികളാക്കുന്നു. അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങളെ നേരെയാക്കുന്നതാണ്. സത്യസന്ധത കരസ്ഥമാക്കുമ്പോൾ നിങ്ങളിൽ നിന്ന് സൽക്കർമങ്ങൾ വെളിപ്പെടുന്നു. അല്ലാഹു പറയുന്നു, ചൊവ്വായ വാക്കുകൾ പറയുന്ന കാരണത്താൽ വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും നിങ്ങൾ മോചനം കരസ്ഥമാക്കുന്നതാണ്. വ്യർത്ഥമായ കാര്യങ്ങളിൽ നിന്നുള്ള അകൽച്ച സ്വയം നിങ്ങളെ സൽക്കർമങ്ങളിലേക്ക് നയിക്കുന്നു.

തിന്മകളിൽ നിന്ന് അകറ്റുന്ന വളരെ പ്രശസ്തമായ ഒരു ഹദീ

സുണ്ട്, നാം അധികവും കേൾക്കാറുള്ളതാണ്. നബി (സ) ഒരു വ്യക്തിയോട് പറഞ്ഞു, ഇനി എന്നും സത്യസന്ധതയിൽ നിലകൊള്ളുന്നതാണെന്ന് ശപഥം ചെയ്യുക. ഒരിക്കലും കളവ് പറയരുത്. ഇത് പ്രാവർത്തികമാക്കുകയാണെങ്കിൽ ഫലം ലഭിക്കുന്നതാണ്. തിന്മകൾ നിങ്ങളിൽ നിന്നും വിട്ടകലുന്ന താണ്. ആ വ്യക്തി അത് പ്രാവർത്തികമാക്കികൊണ്ട് എല്ലാ വിധത്തിലുള്ളതും ചെറുതും വലുതുമായ തെറ്റുകളിൽ നിന്നും പാപങ്ങളിൽ നിന്നും മോക്ഷം കരസ്ഥമാക്കി.

മനുഷ്യൻ തിന്മകളിൽ നിന്നും പാപങ്ങളിൽ നിന്നും മോ ചനം കരസ്ഥമാക്കുമ്പോൾ അല്ലാഹുവിന്റെ വാഗ്ദാനവും പ്രവർത്തിയും അവന്റെ കർമങ്ങളെ നേരെയാക്കുന്നതിനുള്ള തൗഫീഖ് നൽകുന്നു. അവൻ സൽക്കർമങ്ങൾ ചെയ്യുന്നവ രിൽ ഉൾപ്പെടുന്നു. സൽക്കർമങ്ങൾ ചെയ്യുന്നു. അതിന്റെ പ്രതിഫലം ലഭിക്കുന്നു എന്നതിൽ മാത്രം ഒതുങ്ങുന്നില്ല. മറിച്ച് തഖ്വയിലൂടെ ചലിക്കുകയും സത്യന്ധതയിൽ നില കൊള്ളുകയും ചെയ്യുന്നവരുടെ മുൻ പാപങ്ങളും അല്ലാഹു പൊറുത്തു കൊടുക്കുന്നു. അല്ലാഹു പറയുന്നു, നിങ്ങളുടെ കർമങ്ങൾ നേരെയാവുക മാത്രമല്ല മറിച്ച് **യഗ്ഫിർ ലകും ദുനൂബകും** അല്ലാഹു നിങ്ങളുടെ മുൻ പാപങ്ങളും പൊറു ത്തു തരുന്നതാണ്.

അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കല്പനകളെ പ്രാവ ർത്തികമാക്കി കൊണ്ടിരിക്കുകയാണെങ്കിൽ, തഖ്വയിൽ നിലകൊള്ളുകയാണെങ്കിൽ, നന്മകൾ ചെയ്യുന്നതിനുള്ള അവസരം ലഭിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ, കലഹങ്ങ ളിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും അകന്ന് നിൽക്കുകയാ ണെങ്കിൽ, വിശ്വാസിക്ക് യഥാർത്ഥ വിശ്വാസിയാകുന്നതി നായി അല്ലാഹു നൽകിയിട്ടുള്ള കല്പനകളെ പ്രാവർത്തി കമാക്കികൊണ്ടിരിക്കുകയാണെങ്കിൽ ഇതിനെ സംബന്ധിച്ച് ഒരിടത്ത് ഹദ്റത് മസീഹ് മൗഊദ് (അ) ഇങ്ങിനെ താക്കീത് ചെയ്തു കൊണ്ട് പറയുന്നു, വി: ഖുർആനിലെ 700 കൽപന കളെ പ്രാവർത്തികമാക്കുകയാണെങ്കിൽ യഥാർത്ഥ വിശ്വാ സിയെന്ന് പറയപ്പെടുന്നതാണ്. യഥാർത്ഥ വിശ്വാസിയാകു ന്നതിന്റെ ഫലമായി ഭാവിയിലെ തെറ്റുകൾ പൊറുക്കപ്പെ ടുന്നു. മനുഷ്യൻ ഭാവിയിൽ തെറ്റുകൾ ചെയ്തു കൊണ്ടിരി ക്കുകയും അല്ലാഹു പൊറുത്തു കൊടുത്തു കൊണ്ടിരിക്കു കയും ചെയ്യുന്നു എന്നല്ല, മറിച്ച് സൽകർമങ്ങളുടെ ഫലമായി, ആത്മസംസ്കരണത്തിന്റെ ഫലമായി തിന്മകളിൽ നിന്ന് അകന്നു കൊണ്ടിരിക്കുന്നതാണ്. പാപപ്പൊറുതിക്കായി അർ ത്ഥിക്കുന്നതിന്റെ ഫലമായി അല്ലാഹുവിൽ നിന്ന് മനുഷ്യന് തിന്മകൾക്കെതിരിൽ ശക്തി ലഭിക്കുന്നു.

ചുരുക്കത്തിൽ **യഗ്ഫിർ ലകും ദുനൂബകും** എന്ന് അല്ലാഹു പറഞ്ഞതിന്റെ അർത്ഥം, മുൻ തിന്മകളിൽ നിന്നുള്ള പാപ പ്പൊറുതിയും ഭാവി തിന്മകൾക്കെതിരിലുള്ള ശക്തിയും കര സ്ഥമാകുന്നു എന്നതാകുന്നു. സൽകർമങ്ങളുടെ നില നിൽ ക്കുന്ന, നിരന്തരമായ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതാകുന്നു. അല്ലാഹു പറയുന്നു, മനു ഷ്യൻ അല്ലാഹുവിന്റെ തൃപ്തിയെ കരസ്ഥമാക്കുന്നവനായി ത്തീരുക എന്നത് അതിമഹത്തായ വിജയമാകുന്നു.

മഹത്തായ വിജയത്തിനായി അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും പരിപൂർണ അനുധാവനം അനിവാര്യമാ കുന്നു. തങ്ങളുടെ ജീവിതത്തെ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകൾക്കനുഗുണമായി മാറ്റേണ്ടത് അനിവാര്യമാകുന്നു. അത് പ്രാവർത്തികമാക്കുന്നതിനായി അല്ലാഹുവിനോട് ശക്തി തേടേണ്ടത് അനിവാര്യമാകുന്നു. ഈ ശക്തി ഇസ്തിഗ്ഫാറിലൂടെയാണ് ലഭിക്കുന്നത്. ഈ ശക്തി ലഭിക്കുമ്പോൾ സൽകർമങ്ങളും ഉണ്ടാകും. അല്ലാഹു തന്റെ അനുഗ്രഹത്താൽ സൽകർമങ്ങളിലേക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. അങ്ങിനെയുള്ളവർ സത്യത്തിൽ നിലകൊള്ളുകയും സത്യത്തെ പ്രചരിപ്പിക്കു കയും ചെയ്യുന്ന യഥാർത്ഥ വിശ്വാസികളിൽ ഗണിക്കപ്പെ ടുന്നു. അല്ലാഹുവിന്റെ തഖ്വ കരസ്ഥമാക്കുന്ന വിശ്വാസിക ളിൽ ഉൾപ്പെടുന്നു.

ചുരുക്കത്തിൽ ദൈവഭയം മഹത്തായ വിജയത്തിലേക്ക് നയി ക്കുന്നു. മഹത്തായ വിജയം കരസ്ഥമാക്കുന്നവർ ഭയഭക്തിയു ള്ളവരാകുന്നു.

അല്ലാഹു പറയുന്നു, വിശ്വാസികളെ, യഥാർത്ഥ വിശ്വാസിക ളാകണമെങ്കിൽ ജീവിതത്തിന്റെ ലക്ഷ്യം ഇതാക്കി തീർക്കുക. ഇവ കരസ്ഥമാകുന്നതിനായിട്ടാണ് നാം പരിശ്രമിക്കേണ്ടത്. ഇനി ഞാൻ ഹദ്റത് മസീഹ് മൗഊദ് (അ) മറ്റ് ചില ഉദ്ധ രണികൾ കൂടി കേൾപ്പിക്കുന്നതാണ്. സത്യത്തിന്റെ പ്രകടനം എപ്രകാരമായിരിക്കണം, ഏതവസരങ്ങളിലായിരിക്കണം, അതിന്റെ വ്യത്യസ്ഥ അവസ്ഥകൾ എന്തായിരിക്കണം എന്നി വയെ സംബന്ധിച്ച്.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, യഥാർത്ഥത്തിൽ ദീർഘവീക്ഷണം നല്ലകാര്യമാകുന്നു. ഇത് സത്യമാണെന്ന് മനുഷ്യൻ ഉള്ളാലെ തന്നെ മനസ്സിലാകുന്നു. ഉൾക്കാഴ്ച്ചയു ള്ളവർക്ക് കാര്യം മനസ്സിലാകുന്നു. പറയുന്നു സത്യത്തോ ടൊപ്പം ഒരു ആർജ്ജവവും ധൈര്യവും ഉണ്ടാകുന്നു. കള്ളം പറയുന്നവർ ഭീരുവാകുന്നു. അശുദ്ധിയിലും, മാലിന്യത്തിലും, പാപങ്ങളിലും മുഴുകി ജീവിക്കുന്നവർ എപ്പോഴും ഭയചകി തരായിരിക്കും. അവർക്ക് എതിർക്കാൻ സാധിക്കില്ല. ഒരു സത്യസന്ധനായ മനുഷ്യനെ പോലെ ധീരതയോടു കൂടി തന്റെ സത്യസന്ധതയെ പ്രകടിപ്പിക്കാൻ സാധിക്കില്ല. തന്റെ പരിശുദ്ധതയുടെ തെളിവ് നൽകാൻ സാധിക്കില്ല. ഭൗതിക കാര്യങ്ങളിൽ തന്നെ ചിന്തിച്ച് നോക്കുക, അൽപമെങ്കിലും സുഭിഷിത അല്ലാഹു നൽകിയിട്ടുള്ളവർ അസൂയാലുക്കളാ കാതെയുണ്ടോ? സുഭിഷിതർ നിശ്ചയമായും അസൂയാലുക്ക ളായിമാറുന്നു. അതവരോടൊപ്പം തന്നെയുണ്ടാകും. ഇതേ അവസ്ഥയാണ് ദീനി കാര്യങ്ങളിലും. ശൈത്വാൻ സമുദ്ധാ രണത്തിന്റെ ശത്രുവാകുന്നു. അതിനാൽ മനുഷ്യൻ തന്റെ കണക്കുകൾ ശരിയാക്കി വെക്കേണ്ടതാണ്. അല്ലാഹുവുമായി ബന്ധം മെച്ചപ്പെടുത്തേണ്ടതാണ്. ശൈത്വാൻ കൂടെ തന്നെ യുണ്ട്. എന്നാൽ മനുഷ്യന്റെയുള്ളിൽ സത്യസന്ധതയുണ്ടെ ങ്കിൽ, അല്ലാഹുവുമായി നല്ല ബന്ധമുണ്ടെങ്കിൽ ഭയപ്പെടേണ്ട തില്ല. പറയുന്നു, അല്ലാഹുവിനെ തൃപ്തിപ്പെടുത്തിയതിന് ശേഷം ആരെയും ഭയക്കേണ്ട, ആരെയും വകവെക്കേണ്ട. പറയുന്നു, സ്വയം ശിക്ഷക്കർഹനാകുന്ന കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുക. മനുഷ്യൻ സ്വയം തെറ്റുകളിൽ പതിക്കുമ്പോ ഴാണ് ശിക്ഷ ലഭിക്കുന്നത്. അഥവാ സത്യത്തിൽ നിലകൊ ള്ളുകയും, നന്മയിൽ നിലനിൽക്കുകയും, സൽക്കർമ്മങ്ങൾ ചെയ്യുന്നവരും, തിന്മയിൽ നിന്ന് രക്ഷപ്പെടുന്നവരുമാണെ ങ്കിൽ ശിക്ഷ ലഭിക്കുന്നതല്ല. പറയുന്നു, എന്നാൽ ഇവ സ്വയം

കരസ്ഥമാകുന്നവയല്ല. ഇതെല്ലാം അദൃശ്യസഹായങ്ങളാലും ദൈവകൃപയാലുമല്ലാതെ കരസ്ഥമാകുക സാധ്യമല്ല. അല്ലാഹുവിന്റെ സഹായം ഉണ്ടാകുകയും അല്ലാഹു അവസരം നൽകുകയും ചെയ്യുമ്പോഴാണ് ഇത് സംഭവ്യമാകുക. അതിനായി ഇസ്തിഗ്ഫാറും അല്ലാഹുവിലേക്കുള്ള ശ്രദ്ധയും അനിവാര്യമാകുന്നു. പറയുന്നു, അല്ലാഹുവിന്റെ അനുഗ്രഹവും കൂടെ ഉണ്ടാകാത്തിടത്തോളം കേവലം മനുഷ്യപ്രയത്നം ഒന്നും സാധ്യമാക്കുന്നതല്ല. മനുഷ്യൻ പലതും ചെയ്യുന്നു, ഇത് ചെയ്യും അത് ചെയ്യും എന്നൊക്കെ പറയുന്നു, എന്നാൽ ദീനി കാര്യങ്ങളിൽ മനുഷ്യപ്രയത്നം കൊണ്ട് മാത്രം ഒന്നും സാധ്യമല്ല. അല്ലാഹുവിന്റെ കാരുണ്യമുണ്ടെങ്കിലെ ദീനിസേവനത്തിന് അവസരം ലഭിക്കുകയുള്ളു അവന്റെ തൃപ്തി കരസ്ഥമാക്കുകയുള്ളൂ.

പിന്നീട് പറയുന്നു, അല്ലാഹുവിന്റെ കാരുണ്യം കൂടെ ഉണ്ടാകാത്തിടത്തോളം കേവലം മനുഷ്യപ്രയത്നം ഒന്നും പ്രാപ്യമാകുന്നതല്ല. خُلِقَ الْإِنسَانُ ضَعِيفًا മനുഷ്യൻ ദുർബലനാണ്. തെറ്റുകളാൽ നിറഞ്ഞവനാണ്. നാല് ഭാഗത്ത് നിന്നും പ്രയാസങ്ങളാൽ വലയം ചെയ്യപ്പെട്ടവനാണ്. അതിനാൽ നന്മയ്ക്കുള്ള അവസരം ലഭിക്കുന്നതിനും, അദൃശ്യസഹായത്തിന്റെയും കാരുണ്യത്തിന്റെയും അവകാശികളാകുന്നതിനുമായും ദു:ആ ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങളെ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ദീനിലും ദുൻയാവിലും പ്രയാസങ്ങൾ നേരിടുന്നു. എല്ലായിടത്തും സത്യത്തിൽ നിലകൊള്ളുകയാണെങ്കിൽ, ഭയഭക്തിയിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ സ്വന്തം കർമങ്ങളെ പരിശോധിക്കുകയാണെങ്കിൽ ഈ പ്രയാസങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദുരീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നതാണ്.

സത്യത്തെ വെളിപ്പെടുത്തുന്നത് ചിലപ്പോൾ പ്രത്യക്ഷ ബുദ്ധിമുട്ടുകളിൽ അകപ്പെടുന്നു എന്ന് അദ്ദേഹം പറയുകയുണ്ടായി. എന്നാൽ തങ്ങളുടെ ആന്തരികവും ബാഹ്യവും ഒന്നാണെങ്കിൽ ഭയപ്പെടേണ്ട ആവശ്യമില്ല. പ്രയാസങ്ങൾ അപ്രത്യക്ഷമാകുന്നു. ഇത് ശത്രുക്കളിൽ നിന്ന് മാത്രമല്ല ഉണ്ടാകുന്നത് മറിച്ച്, ചിലപ്പോൾ സ്വന്തക്കാരോടുള്ള പ്രകടനവും പ്രയാസത്തിലകപ്പെടുത്തുന്നതാണ്. കാരണം സ്വന്തക്കാരിലും വ്യത്യസ്ഥതരത്തിലുള്ളവർ ഉണ്ടാകുന്നു. ദൈവഭയം കുറഞ്ഞവരുണ്ടാകുന്നു. അതിനാൽ മനുഷ്യൻ ചില സമയത്ത് സ്വന്തക്കാരാലും പ്രയാസങ്ങളിൽ അകപ്പെടുന്നു. ഉദാഹരണമായി ഇന്ന് ലോകത്ത് തെരഞ്ഞെടുപ്പുകൾ നടന്നു കൊണ്ടിരിക്കുകയാണ്. എനിക്ക് ചില പരാതികൾ ലഭിക്കുന്നുണ്ട്. ഞങ്ങൾ ഇന്നയാൾക്ക് വോട്ട് നൽകിയപ്പോൾ ഇന്ന ഭാരവാഹി അയാൾക്ക് എന്തിന് വോട്ട് നൽകി എന്ന് ചോദിക്കുന്നു. ജമാഅത്തിന്റെ തെരഞ്ഞെടുപ്പിൽ എല്ലാവരും സ്വാതന്ത്രരാണ്. ചോദ്യം ചെയ്യാനുള്ള അധികാരം ആർക്കുമില്ല. സത്യത്തിൽ നിലനിന്നു കൊണ്ട് ആരെയാണോ ഉത്തമരായി മനസ്സിലാക്കിയത് അവർക്ക് വോട്ട് ചെയ്താൽ, ഇന്നയാൾക്ക് എന്തിന് വോട്ട് നൽകി, ഇന്നയാൾക്ക് എന്തുകൊണ്ട് നൽകിയില്ല എന്ന് ചോദിക്കാൻ ആർക്കും അവകാശമില്ല. മനുഷ്യന്റെയുള്ളിൽ ഈ ന്യൂനതയുണ്ടെങ്കിൽ ചില തിന്മകൾ ഉണ്ടെങ്കിൽ ഒരിക്കൽ സത്യത്തെ വെളിപ്പെടുത്തിയതിന് ശേഷം തന്റെ തെറ്റുകൾ പിടിക്കപ്പെടും എന്ന കാരണത്താൽ അടുത്ത തവണ അത് വെളിപ്പെടുത്തുന്നതല്ല. അല്ലെങ്കിൽ ദൈവഭയത്തിൽ കുറവു കാരണത്താൽ ഇന്ന ഭാരവാഹിക്ക് ഞങ്ങൾക്കെതിരിൽ മനസ്സിൽ വിദ്വേഷം ഉണ്ട് എന്ന് വെളിപ്പെടുത്തുന്നു. ഇത് തഖ്‌വയുടെ കുറവാണ്. സത്യസന്ധതയുടെ കുറവാണ്. അതിനാൽ സത്യമായി മനസ്സിലാക്കികൊണ്ട് ആരെങ്കിലും തന്റെ അഭിപ്രായം പ്രകടിപ്പിക്കുകയാണെങ്കിൽ, ധൈര്യമായിരിക്കുക എന്നതാണ് സത്യസന്ധയും തഖ്‌വയും. എന്നാൽ ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞതു പോലെ അല്ലാഹുവിന്റെ കാരുണ്യം തേടിക്കൊണ്ടിരിക്കുക. അല്ലാഹുവിന്റെ കാരുണ്യമുണ്ടെങ്കിൽ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. അങ്ങിനെ വിദ്വേഷം വെച്ചു പുലർത്തുന്നവർക്കായി അല്ലാഹുവിന്റെ വിധിയും നടപ്പിലാകുന്നു. തോന്നുന്നവർക്ക് ഇഷ്ടം പോലെ ചെയ്യാൻ പറ്റുന്ന ഒന്നല്ല ജമാഅത്ത് വ്യവസ്ഥിതി. എവിടെ വെച്ചെങ്കിലും എപ്പോഴെങ്കിലും മനുഷ്യൻ പിടിക്കപ്പെടുന്നു.

പിന്നീട് ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, ജനങ്ങൾ **ലാ ഇലാഹ ഇല്ലല്ലാഹ്** യെ അംഗീകരിക്കുന്നവരാണെന്ന് പൊതുവിൽ കാണപ്പെടുന്നുണ്ടെങ്കിലും, നബി(സ)യെ നാവ് കൊണ്ട് സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും, പ്രത്യക്ഷത്തിൽ നമസ്കരിക്കുന്നുണ്ടെങ്കിലും, നോമ്പ് നോൽക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ആത്മീയത അൽപം പോലും ഇല്ല. മറുഭാഗത്ത് പ്രസ്തുത സൽകർമങ്ങൾക്കെതിരിലുള്ള പ്രവർത്തനങ്ങൾ, അവ സൽകർമ്മങ്ങളായിട്ടല്ല ചെയ്തത് എന്നതിന് സാക്ഷ്യം വഹിക്കുന്നു. മറിച്ച് ചടങ്ങെന്ന നിലയിലും ശീലമെന്ന നിലയിലുമാണ് ചെയ്തതെന്ന് തെളിയിക്കുന്നു. കാരണം അവരിൽ ആത്മാർത്ഥതയും ആത്മീയതയും അൽപം പോലും ഇല്ല. അല്ലെങ്കിൽ ഈ സൽപ്രവർത്തനങ്ങളുടെ അനുഗ്രഹങ്ങൾ എന്തു കൊണ്ട് അവരിൽ ഉണ്ടാകുന്നില്ല? സത്യഹൃദയത്തോടുകൂടിയും ആത്മീയതയോടു കൂടിയും ഈ കർമങ്ങൾ ചെയ്യുന്നില്ലായെങ്കിൽ യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല എന്നത് വ്യക്തമായും ഓർത്ത് കൊള്ളുക. ഈ കർമ്മങ്ങൾ ഒന്നിനും ഉപകരിക്കുന്നതല്ല. സൽകർമത്തിൽ യാതൊരു തരത്തിലുള്ള കുഴപ്പങ്ങളും ഇല്ലാതിരിക്കുമ്പോഴാണ് സൽകർമ്മങ്ങൾ എന്ന് പറയപ്പെടുക. **സലാഹ്** എന്നതിന്റെ വിരുദ്ധമാണ് **ഫസാദ്.** കുഴപ്പങ്ങളിൽ നിന്ന് പരിശുദ്ധവും പവിത്രവുമായതിനെയാണ് **സ്വാലിഹ്** എന്ന് പറയുന്നത്. നിസാരകാര്യങ്ങളിൽ പോലും ചോദ്യം ചെയ്യാൻ തുടങ്ങിയാൽ, ജനങ്ങളെ ഭയപ്പെടുത്താൻ തുടങ്ങിയാൽ അതും കുഴപ്പങ്ങളുടെ ഗണത്തിൽ പെടുന്നതാണ്.

അതിനാൽ സൽകർമങ്ങളാണ് ചെയ്യേണ്ടത് എന്ന കാര്യം എപ്പോഴും ശ്രദ്ധയിലുണ്ടാകുകയും ആത്മപരിശോധന നടത്തികൊണ്ടിരിക്കുകയും ചെയ്യുക. അല്ലാഹു ആഗ്രഹിക്കുമ്പോഴാണ് കർമങ്ങൾ നല്ലതായിത്തീരുക. ഇത് അല്ലാഹു മുത്തഖീംകളുടെ അടയാളമായിട്ടാണ് പറഞ്ഞിട്ടുള്ളത്. തഖ്‌വയുടെ അതി സൂക്ഷ്മ മാർഗങ്ങളിലൂടെ ചലിക്കുന്നവർക്കുള്ള ലക്ഷണമായിട്ടാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ സൽകർമങ്ങളാകാത്തതുവരെ ഒരു കർമവും സൽകർമമാകുകയില്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ സൽകർമങ്ങളാകുന്നതിനായി അല്ലാഹുവിന്റെ കാരുണ്യത്തെ കരസ്ഥമാക്കേണ്ടതുണ്ട്. അവന്റെ മുന്നിൽ കുനിയുകയും പാപപ്പൊറുതിക്കായി അർത്ഥിക്കുകയും ചെയ്യേണ്ടതുണ്ട്.

ഹദ്റത് മസീഹ് മൗഊദ് (അ) വീണ്ടും പറയുന്നു, വെറും

നാവ് കൊണ്ട് കലിമ ഉരുവിടുന്നത് മതിയായതാണെന്ന് മനുഷ്യൻ കരുതുന്നു അല്ലെങ്കിൽ കേവലം **അസ്തഗ്ഫിറുല്ലാഹ്** എന്ന് പറയുന്നത് മതിയായതാണെന്ന് ധരിക്കുന്നു. എന്നാൽ നാവു കൊണ്ടുള്ള അർപ്പണം മതിയാകുന്നതല്ല എന്ന് ഓർത്തു കൊള്ളുക. മനുഷ്യൻ നാവു കൊണ്ട് ആയിരം തവണ **അസ്തഗ്ഫിറുല്ലാഹ്** എന്നു പറഞ്ഞാലും നൂറ് തവണ **സുബ്ഹാനല്ലാ** എന്ന് പറഞ്ഞാലും അതിന്റെ യാതൊരു പ്രയോജനവും ലഭിക്കില്ല. കാരണം അല്ലാഹു മനുഷ്യനെ മനുഷ്യനായാണ് സൃഷ്ടിച്ചത്. ഒന്നും മനസ്സിലാകാതെ നാവ് കൊണ്ട് ഉരുവിട്ടുകൊണ്ടിരിക്കുന്നത് തത്തയാണ്. എന്താണോ പറയുന്നത് അത് ചിന്തിച്ചുകൊണ്ട് പറയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യന്റെ ധർമ്മം. തത്തയെ പോലെ വെറും ജൽപനം മാത്രമാണുള്ളതെങ്കിൽ, ഹൃദയം അതിനോടൊപ്പമില്ലായെങ്കിൽ, അതിനനുസരിച്ചുള്ള കർമ്മങ്ങളില്ലായെങ്കിൽ വെറും വാക്കുകളിൽ യാതൊരു അനുഗ്രഹവും ഉണ്ടാകുന്നതല്ല എന്ന് ഓർത്തുകൊള്ളുക. അത് വെറുംവാക്കുകളായി ഗണിക്കുന്നതാണ്. അതിൽ യാതൊരു ഗുണമോ അനുഗ്രഹമോ ഉണ്ടാകുന്നതല്ല. അഥവാ വിശുദ്ധ ഖുർആനും ഇസ്തിഗ്ഫാറുമാണ് ഉരുവിടുന്നതെങ്കിൽ പോലും അത് വെറും വാക്കുകളായി ഗണിക്കപ്പെടുന്നതാണ്. അല്ലാഹു കർമങ്ങളാണ് ആഗ്രഹിക്കുന്നത് അതുകൊണ്ടാണ് സൽകർമങ്ങൾ അനുഷ്ഠിക്കുക എന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നത്. അതില്ലാത്തിടത്തോളം അല്ലാഹുവിനെ സമീപിക്കാൻ സാധിക്കില്ല. ഇന്ന് മുഴുവൻ ദിവസവും കൊണ്ട് വിശുദ്ധ ഖുർആൻ ഓതിത്തീർത്തു എന്ന് ചില വിഢികൾ പറയാറുണ്ട്. എന്നാൽ അത് കൊണ്ട് എന്ത് ഗുണം കിട്ടി എന്നാരെങ്കിലും ചോദിക്കുക. വെറും നാവ് കൊണ്ട് മാത്രമാണ് നിങ്ങൾ പ്രവർത്തിച്ചത്. മറ്റ് ശരീരഭാഗങ്ങളെ നിങ്ങൾ ഉപേക്ഷിച്ചു. ഉപയോഗപ്പെടുത്തുന്നതിനായിട്ടാണ് അല്ലാഹു എല്ലാ ശരീരഭാഗങ്ങളെയും സൃഷ്ടിച്ചിരിക്കുന്നത്. അക്കാരണം കൊണ്ടുതന്നെയാണ് ചിലർ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ ഖുർആൻ അവരിൽ ശാപം ചൊരിയുന്നു എന്ന് ഹദീസിൽ വന്നിട്ടുള്ളത്. കാരണം പാരായണം ചെയ്യുന്നതിൽ വാക്കുകൾ മാത്രമായിരിക്കും ഉണ്ടായിരിക്കുക. കർമങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

ചുരുക്കത്തിൽ കർമങ്ങളുടെ സമുദ്ധാരണം കേവലം അറിവ് കൊണ്ട് മാത്രം ഉണ്ടാകുന്നതല്ല. മറിച്ച് സത്യത്തെ മുന്നിൽ വെച്ചു കൊണ്ട്, കേവലം അല്ലാഹുവിന്റെ മാത്രം ഭയത്തെ മുന്നിൽ വെച്ച് കൊണ്ട് അല്ലാഹുവിന്റെ കൽപനകളെ പ്രാവർത്തികമാക്കുന്നതിനായി ശ്രമിക്കുമ്പോഴാണ് അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് സമുദ്ധാരണം നടത്തുന്നത്.

ഹദ്റത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിൽ പ്രവേശിക്കുന്നവർക്കായുള്ള അടയാളമായി പറഞ്ഞത് വിശുദ്ധ ഖുർആന്റെ 700 കൽപനകളെ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു എന്നതാണ്. ഏതെങ്കിലും സവിശേഷ അറിവിനെ കുറിച്ചോ സ്ഥാനത്തെ കുറിച്ചോ അല്ല പരാമർശിച്ചത്. അതിനാൽ നമ്മിൽ ഓരോരുത്തർക്കും സ്വന്തം കർമ്മങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടതുണ്ട്. സ്വയം തങ്ങളെ ഈ അദ്ധ്യാപനങ്ങൾക്കനു ഗുണമായി രൂപപ്പെടുത്തേണ്ടതുണ്ട്.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, അല്ലാഹു നിശ്ചയിച്ചിട്ടുള്ള പരിധിക്കനുസൃതമായി തന്റെ ജീവിതം രൂപപ്പെടുത്തിയെടുക്കാത്തവർ പരിഹസിക്കുകയാണ് ചെയ്യുന്നത്. കാരണം പാരായണം ചെയ്യുക എന്നത് മാത്രമല്ല അല്ലാഹുവിന്റെ ഇഛ. അവൻ കർമങ്ങളാണ് ആഗ്രഹിക്കുന്നത്. ഒരു വ്യക്തി നിത്യവും ഇന്ത്യൻ ശിക്ഷാ നിയമം വായിച്ചു കൊണ്ടിരിക്കുകയും എന്നാൽ ആ നിയമങ്ങളെ അനുസരിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ മാത്രമല്ല, അപരാധങ്ങൾ ചെയ്യുകയും കൈക്കൂലി വാങ്ങുകയും ചെയ്തു കൊണ്ടിരിക്കുകയാണെങ്കിൽ, അങ്ങിനെയുള്ള വ്യക്തി പിടിക്കപ്പെടുമ്പോൾ ഞാൻ നിത്യവും ശിക്ഷാനിയമങ്ങൾ വായിക്കാറുണ്ട് എന്നത് സ്വീകാര്യയോഗ്യമാണോ? അതോ അറിവുണ്ടായിരുന്നിട്ടും അപരാധം ചെയ്തു എന്നതിൽ കൂടുതൽ ശിക്ഷ ലഭിക്കുമോ? നിയമം അറിയുന്നവർ, നിത്യവും രാജ്യനിയമങ്ങൾ വായിച്ചുകൊണ്ടിരിക്കുന്നവർ നിയമം വായിക്കുന്നു എന്നത് കൊണ്ട് മാത്രം ശിക്ഷയിൽ നിന്ന് ഒഴിവാക്കപ്പെടുന്നതല്ല. നിയമം വായിച്ചു കൊണ്ടിരിക്കുകയും അപരാധം ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ അറിവുണ്ടായിട്ടും അപരാധം പ്രവർത്തിച്ചു എന്ന കാരണത്താൽ അയാൾക്ക് കൂടുതൽ ശിക്ഷ ലഭിക്കുന്നതാണ്. അതിനാൽ ഒന്നിന് പകരം നാല് വർഷത്തെ ശിക്ഷയാണ് വേണ്ടത്.

മറ്റൊരിടത്ത് അദ്ദേഹം പറയുന്നു, ചുരുക്കത്തിൽ വെറും വാക്കുകൾ ഉപകരിക്കുന്നതല്ല. അല്ലാഹുവിനെ തൃപ്തനാക്കുന്നതിനായി മനുഷ്യൻ ആദ്യം സ്വയം കഷ്ടതയനുഭവിക്കുക. അഥവാ അങ്ങിനെ ചെയ്യുകയാണെങ്കിൽ അല്ലാഹു അവരുടെ ആയുസ്സ് ദീർഘിപ്പിക്കുന്നതാണ്. അല്ലാഹു തന്റെ വാഗ്ദാനങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുന്നവനല്ല. اَمَّا مَا يَنۡفَعُ النَّاسَ فَيَمۡكُثُ فِي الۡاَرۡضِ അതായത് ജനങ്ങൾക്ക് ഉപകാരപ്രദമായത് ഭൂമിയിൽ നിലനിൽക്കുന്നു എന്ന അവന്റെ വാഗ്ദാനം തികച്ചും സത്യമാണ്. പ്രയോജനകരമായ വസ്തുക്കളെ ആരും നശിപ്പിക്കാറില്ല എന്നതാണ് പൊതു രീതി. കുതിരയോ, പശുവോ, കാളയോ,ആടോ പോലും ഉപകരിക്കുന്നതാണെങ്കിൽ, അതിൽ നിന്ന് പ്രയോജനം ലഭിക്കുന്നുണ്ടെങ്കിൽ ആരാണതിനെ അറുക്കുക? എന്നാൽ അവ പ്രയോജനകാരിയല്ലാതാകുമ്പോൾ, ഒന്നിനും ഉപകരിക്കാതാകുമ്പോൾ അറുക്കുകയല്ലാതെ മറ്റെന്ത് മാർഗമാണ് ശേഷിക്കുക? വളരെയധികം ഗഹനമായി ചിന്തിക്കേണ്ട വാക്കുകളാണിത്. മറ്റൊന്നിനും പ്രയോജനപ്പെടാത്തതിനെ അറുക്കുമ്പോൾ ഉടമസ്ഥൻ ചിന്തിക്കുന്നത് ഒന്നുമില്ലെങ്കിലും തൊലിക്ക് എന്തെങ്കിലും കിട്ടുമല്ലോ, ഇറച്ചി ഉപയോഗപ്പെടുമല്ലോ എന്നാണ്. അതേ പോലെ മനുഷ്യൻ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഒന്നിനും ഉപകരിക്കാതാകുമ്പോൾ, അവന്റെ വ്യക്തിത്വത്തിൽ നിന്ന് മറ്റുള്ളവർക്ക് യാതൊരു ഗുണവും ലഭിക്കാതാകുമ്പോൾ അല്ലാഹു അവനെ വിലമതിക്കുന്നതല്ല. മാത്രമല്ല ചപ്പ് ചവറുകൾ കുറഞ്ഞാൽ ഭൂമി പരിശുദ്ധം എന്നതിനനുസരിച്ച് അവനെ നശിപ്പിക്കുന്നു

അതിനാൽ ഓരോരുത്തരും, ഓരോ അഹ്മദിയും, ഓരോ ഭാരവാഹികളും ചിന്തിക്കേണ്ടത് എങ്ങിനെ എനിക്ക് കൂടുതൽ കൂടുതലായി മറ്റുള്ളവർക്ക് ഉപകാരം ചെയ്യാൻ സാധിക്കും എന്നതാണ്. ഉപകാരം ചെയ്യുക എന്നതാണ് ലക്ഷ്യമായിരിക്കേണ്ടത്. ഈ ബഹുമതിയും, ഈ പദവിയും, ഈ

സേവനവും ഫലപ്രദമാകുന്നത് മറ്റുള്ളവർക്ക് ഉപകാരം ചെയ്യണമെന്ന ചിന്തയുണ്ടാകുമ്പോഴാണ്, സദുദ്ദേശ്യം ഉണ്ടാകുമ്പോഴാണ്, സ്വന്തം കർമങ്ങളുടെ സമുദ്ധാരണത്തിലേക്ക് ശ്രദ്ധയുണ്ടാകുമ്പോഴാണ്, സത്യത്തിൽ അടിയുറച്ചു നിൽക്കുന്നവരാകുമ്പോഴാണ്, തഖ്‌വയിൽ ചരിക്കുന്നവരാകുമ്പോഴാണ്. പറയുന്നു, അനുഗുണമായ പ്രവർത്തനങ്ങളും, കയ്യും കാലും മറ്റ് ശരീരഭാഗങ്ങളും കൊണ്ടുള്ള സൽകർമങ്ങളും ഇല്ലായെങ്കിൽ വെറും വാചാലാപനവും ജൽപനങ്ങളും യാതൊരു തരത്തിലും ഉപകാരിയാകുന്നതല്ല. വിശുദ്ധ ഖുർആൻ നൽകിക്കൊണ്ട് അല്ലാഹു സഹാബാക്കളിൽ നിന്നും സേവനം സ്വീകരിക്കുകയുണ്ടായി. വിശുദ്ധ ഖുർആൻ പാരായണം ചെയ്തു എന്നത് മാത്രം മതിയായതാണെന്ന് അവർ കരുതിയോ? അതോ അത് പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണെന്ന് കരുതിയോ? അവർ അനുസരണവും കൂറും പ്രകടിപ്പിച്ചു കൊണ്ട് ആടുമാടുകളെ പോലെ അറുക്കപ്പെട്ടു. പിന്നീട് അവർ കരസ്ഥമാക്കിയതും അല്ലാഹു അവർക്ക് നൽകിയ ബഹുമതികളും ഗോപ്യമല്ല. ഇതാണ് അല്ലാഹു നൽകുന്ന ബഹുമതിയുടെ മൂല്യം. അതാണ് നാം അന്വേഷിക്കേണ്ടത്.

അദ്ദേഹം പറയുന്നു, അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ എന്തെങ്കിലും പ്രവർത്തിച്ച് കാണിക്കുക. അല്ലെങ്കിൽ പാഴ്‌വസ്തുക്കളെ പോലെ നിങ്ങൾ വലിച്ചെറിയപ്പെടുന്നതാണ്. ആരും തന്നെ വീട്ടിലെ നല്ല വസ്തുക്കളെയും സ്വർണ്ണത്തെയും വെള്ളിയേയും വലിച്ചെറിയുകയില്ല. മറിച്ച് അവയെയും, എല്ലാ ഉപകാരപ്രദവും വിലയേറിയതുമായ വസ്തുക്കളെയും സൂക്ഷിച്ച് സംരക്ഷിച്ച് വെക്കുന്നു. എന്നാൽ വീട്ടിൽ ഒരു എലി ചത്തു കിടന്നതായി കാണപ്പെട്ടാൽ ആദ്യം തന്നെ അതിനെ പുറത്തേക്കെറിയുന്നു. അതു പോലെ അല്ലാഹു തന്റെ സൽദാസരെ എപ്പോഴും സ്നേഹിക്കുന്നു. അവരുടെ ആയുസ് ദീർഘിപ്പിക്കുന്നു. അവരുടെ വ്യാപാരങ്ങളിൽ അനുഗ്രഹം ചൊരിയുന്നു. അവൻ അവരെ നശിപ്പിക്കുന്നതല്ല. നിന്ദ്യമായ മരണം നൽകുന്നതല്ല. എന്നാൽ അല്ലാഹുവിന്റെ നിർദ്ദേശങ്ങളെ അപമാനിക്കുന്നവരെ അവൻ നശിപ്പിക്കുന്നു. അല്ലാഹു നിങ്ങളെ വിലമതിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അതിനായി സദ്‌വൃത്തരാകേണ്ടത് അനിവാര്യമാകുന്നു. അപ്പോഴാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ വിലമതിക്കപ്പെട്ടവരാകുകയുള്ളൂ. അല്ലാഹുവിനെ ഭയക്കുകയും അവന്റെ കല്പനകളെ അനുസരിക്കുകയും ചെയ്യുന്നവരിലും അന്യരിലും അവൻ ഒരു വ്യതിരിക്തത സ്ഥാപിക്കുന്നു. മനുഷ്യന് അനുഗ്രഹം കരസ്ഥമാക്കുന്നതിനുള്ള മാർഗമാണിത്. തിന്മകളിൽ നിന്നും രക്ഷപ്പെട്ടു കൊണ്ടിരിക്കുക. അങ്ങിനെയുള്ളവർ എവിടെയാണെങ്കിലും ആദരവിന് അർഹരാണ്. കാരണം അവരിൽ നിന്ന് നന്മ ലഭിക്കുന്നു. അവർ ബന്ധുക്കളോട് നല്ലപോലെ പെരുമാറുന്നു. മനുഷ്യത്വത്തോട് കരുണ കാണിക്കുന്നു. അക്രമം ചെയ്യുന്നില്ല. വ്യാജ കേസുകൾ ഉണ്ടാക്കുന്നില്ല. കള്ളസാക്ഷ്യം പറയുന്നില്ല. മറിച്ച് ഹൃദയത്തെ ശുദ്ധീകരിക്കുന്നു, അല്ലാഹുവിലേക്ക് ശ്രദ്ധിക്കുന്നു. അല്ലാഹുവിന്റെ വലിയ്യ് എന്ന് പറയപ്പെടുന്നു.

അല്ലാഹു നമ്മെ തഖ്‌വയിൽ നിലനിന്ന് കൊണ്ട് സത്യത്തെ മുറുകെ പിടിക്കുന്നവരാക്കട്ടെ. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളിൽ പരിപൂർണ അനുസരണം പുലർത്തുന്നവരായി നാം മാറട്ടെ. അല്ലാഹു നമ്മുടെ പാപങ്ങളെ മറച്ചു വെക്കട്ടെ. അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ കർമങ്ങൾ ചെയ്യുന്നതിനുള്ള അവസരം എപ്പോഴും നമുക്ക് നൽകട്ടെ. അല്ലാഹുവിന്റെ കാരുണ്യത്തെ കരസ്ഥമാക്കുന്നവരായി നാം മാറട്ടെ. അല്ലാഹു ഏതു ലക്ഷ്യത്തിനായിട്ടാണോ ഇക്കാലഘട്ടത്തിൽ മസീഹ് മൗഊദ്(അ) നെ നിയോഗിച്ചത്, യഥാർത്ഥമായ നിലയിൽ ആ ലക്ഷ്യത്തെ കരസ്ഥമാക്കുന്നവരും അതിന്റെ സഹായികളായും നാം മാറട്ടെ. അല്ലാഹുവിന്റെ സ്നേഹകടാക്ഷം എപ്പോഴും നമ്മിൽ ഉണ്ടാകട്ടെ.

ഇന്നും വേദനാജകമായ വാർത്തയുണ്ട് പാക്കിസ്ഥാനിലെ ലാഹോറിൽ നമ്മുടെ ഒരഹ്മദി സഹോദരനെ ശഹീദാക്കിയിരിക്കുന്നു. اِنَّا لِلّٰهِ وَاِنَّا اِلَيْهِ رٰجِعُوْنَ അതിന്റെ ചെറുവിവരണം ഞാൻ കേൾപ്പിക്കുകയാണ്. തുടർന്ന് ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. ശഹീദായ സഹോദരന്റെ പേര് ജവാദ് കരീം സാഹിബ് എന്നാകുന്നു. അദ്ദേഹം കരീം ദഹ്‌ലവി സാഹിബ് മർഹൂമിന്റെ പുത്രനായിരുന്നു. ലാഹോറിലെ ഗ്രീൻ ടൗണിലായിരുന്നു താമസം. ജൂൺ 17 ന് നാല് അജ്ഞാതർ ഗ്രീൻ ടൗണിലുള്ള ജവാദ് കരീം സാഹിബിന്റെ വസതിയിൽ കടന്ന് വെടിയുതിർത്തുകൊണ്ട് അദ്ദേഹത്തെ ശഹീദാക്കുകയാണ് ചെയ്തത് اِنَّا لِلّٰهِ وَاِنَّا اِلَيْهِ رٰجِعُوْنَ വിശദവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രീൻ ടൗണിലുള്ള വസതിയിയുടെ മുകളിലത്തെ നിലയിലാണ് അദ്ദേഹം താമസിച്ചിരുന്നത്. താഴത്തെ നിലയിൽ അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ ഇംതിയാസ് അദ്നാൻ സാഹിബും മാതാവുമാണ് താമസിച്ചിരുന്നത്. പറയുന്നു, രാത്രി ഏകദേശം 7:45 നടുത്ത് 4 അജ്ഞാതർ വീട്ടിൽ വന്നു. രണ്ട് പേർ പുറത്ത് നിൽക്കുകയും രണ്ട് പേർ അകത്തേക്ക് കടക്കുകയും ചെയ്തു. അവിടെ ചെന്ന് ജവാദ് കരീം സാഹിബിനെ പുറത്തേക്ക് വിളിച്ചെന്നു തോന്നുന്നു എന്തായാലും അവരുമായി വഴക്കുണ്ടായി. അതിനിടയിൽ ഒരു അക്രമി വെടിയുതിർത്തു. വെടിയുണ്ട ഹൃദയത്തിൽ പതിയുകയും പുറത്ത് വരികയും ചെയ്തു. ബഹളം കേട്ട് താഴത്തെ നിലയിലുണ്ടായ അദ്ദേഹത്തിന്റെ സഹോദരൻ പുറത്ത് വന്നപ്പോൾ അക്രമികൾ ആകാശത്തേക്ക് വെടിയുതിർക്കുകയും ഇനി നിന്റെ ഊഴമാണെന്ന് പറഞ്ഞ് കൊണ്ട് ഓടിപ്പോകുകയും ചെയ്തു. ആശുപത്രിയിലേക്ക് എത്തിച്ചുവെങ്കിലും മാർഗമദ്ധ്യേ തന്നെ ശഹാദത്തിന്റെ പദവി കരസ്ഥമാക്കിയിരുന്നു.

ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ മാതാമഹൻ ഹകീം മുഹമ്മദ് ഹുസൈൻ സാഹിബിലൂടെയാണ് അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹം ഡൽഹി വാസിയിരുന്നു. അദ്ദേഹം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ ബയ്അത്ത് ചെയ്തിരുന്നു. കുടുംബത്തിലെ ആദ്യ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ ഇജാസ് ഹുസൈൻ സാഹിബ് മർഹൂം കത്തിലൂടെ ഹദ്റത് മസീഹ് മൗഊദ് (അ) ന് ബയ്അത്ത് ചെയ്തിരുന്നു. നേരിട്ട് കയ്യിൽ ബയ്അത്ത് ചെയ്യുവാനുള്ള സൗഭാഗ്യം ലഭിച്ചില്ല. അങ്ങിനെ അദ്ദേഹത്തിന്റെ മാതാമഹൻ സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ ബാബാ നദീർ അഹ്മദ് സാഹിബ് ഡൽഹിയിൽ നീണ്ട കാലം അമീർ ജമാഅത്തായിരുന്നു.

ശഹീദ് മർഹൂമിന്റെ പ്രായം 33 വയസ്സായിരുന്നു. വസിയ്യത്തിന്റെ അനുഗ്രഹീത പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. വ്യാപാരിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഡോക്ടറാണ്. സ്വന്തം ക്ലിനിക്കുണ്ട്. ക്ലിനിക്കിന്റെ നടത്തിപ്പും ശഹീദ് മർഹൂമിന്റെ ചുമലിലായിരുന്നു.

അങ്ങേയറ്റം മൃദുല സ്വഭാവത്തിനുടമയായിരുന്നു. ചെറിയവരെയും മുതിർന്നവരെയും ആദരിച്ചിരുന്നു. ആത്മാർത്ഥ വ്യക്തിയായിരുന്നു. എല്ലാവരോടും സഹകരിച്ചിരുന്നു. എല്ലാവരുടെയും വേദനയിലും ദുഃഖത്തിലും പങ്കാളിയാകുമായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ മുൻപന്തിയിലായിരുന്നു. അദ്ദേഹത്തിന്റെ വീട് ദീർഘകാലം നമസ്കാര സെന്റർ ആയിരുന്നു. ചെറുപ്രായം മുതൽ ഹൽഖയുടെ സഈം ആയിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഊർജ്ജസ്വലനായ പ്രവർത്തകനായിരുന്നു. ശഹാദത്തിന്റെ ദിവസം മാതാവ് പറയുകയുണ്ടായി, ജവാദ് കരീം എന്നെ ഒരു സ്വപ്നം കേൾപ്പിച്ചിരുന്നു. കുറച്ച് പേർ എന്നെ അക്രമിക്കുകയാണ്. മൂത്ത സഹോദരൻ അടുത്തുണ്ടെങ്കിലും എന്നെ രക്ഷിക്കാൻ സാധിക്കുന്നില്ല. സംഭവിച്ചതും അങ്ങിനെ തന്നെയാണ്. വെടിവെപ്പ് നടന്ന് കൊണ്ടിരിന്നപ്പോൾ മൂത്ത സഹോദരൻ പുറത്തേക്ക് വന്നെങ്കിലും രക്ഷിക്കാൻ സാധിച്ചില്ല. അങ്ങിനെ ആ സ്വപ്നം പൂർത്തിയാകുകയും ചെയ്തു. ചന്ദയുടെ കാര്യത്തിലും വിശാലഹൃദയനായിരുന്നു. മറ്റുള്ളവരെയും പ്രേരിപ്പിക്കുമായിരുന്നു. തന്റെ സഹോദരനോട് ശഹാദത്തിന് ഒരു ദിവസം മുമ്പ് പറഞ്ഞു, ഞാൻ മരിക്കുകയാണെങ്കിൽ എന്റെ കണക്കുകളെല്ലാം ഞാൻ ശരിയാക്കിയിട്ടുണ്ടെന്ന് എന്നത് ഓർക്കണം. ഞാനെന്റെ എല്ലാ കണക്കുകളും ഇന്ന് പൂർത്തിയാക്കി. ഹൽഖയുടെ സദർ സാഹിബ് പറയുന്നു, ഞങ്ങളുടെ ഹൽഖയിലുള്ള ഒരു വ്യക്തി ചന്ദയുടെ കാര്യത്തിൽ അൽപം അശ്രദ്ധനായിരുന്നു. ശഹീദ് മർഹൂം നിരന്തരമായി അദ്ദേഹവുമായി ബന്ധപ്പെടുകയും ചന്ദയുടെ കാര്യത്തിൽ ആവേശം നിറക്കുക മാത്രമല്ല, വസിയ്യത്ത് പദ്ധതിയിൽ അംഗമാക്കുകയും ചെയ്തു.

ശഹീദ് മർഹൂമിന് ഭാര്യയും മൂന്ന് ചെറിയ കുട്ടികളുമാണുള്ളത്. മകളായ ഹിബത്തുൽ ജവാദിന് 6 വയസ്സും തൽഹ ജവാദിന് 3 വയസ്സും സഫ്‌വാൻ ജവാദിന് 4 മാസവുമാണ് പ്രായം. അദ്ദേഹത്തിന് ഒരു സഹോദരനാണുള്ളത്. അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തിന്റെ ശഹാദത്ത് സമയത്ത് ജീവിച്ചിരുന്നു. എന്നാൽ ഖബറടക്കത്തിനായി അദ്ദേഹത്തിന്റെ ജനാസ റബ്‌വയിലേക്ക് കൊണ്ടുപോയപ്പോൾ, പിന്നിൽ മാതാവിന് ഹൃദയാഘാതം സംഭവിക്കുകയും മരണപ്പെടുകയും ചെയ്തു. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ഹക്കീം മുഹമ്മദ് അഹ്മദ് ദഹ്‌ലവി സാഹിബിന്റെ മകളായിരുന്നു റസിയ കരീം ദഹ്‌ലവി സാഹിബ. പെട്ടെന്ന് ഹൃദയാഘാതം സംഭവിക്കുകയും മകന്റെ ശഹാദത്തിന് അൽപ നേരം ശേഷം വഫാത്താകുകയും ചെയ്തു.

റസിയകരീം സാഹിബയുടെ മാതാപിതാക്കൾ ഡൽഹിയിൽ നിന്ന് പാലായനം ചെയ്ത് പാക്കിസ്ഥാനിൽ വന്നതായിരുന്നു. ആദ്യം ഖാനാബാദിലായിരുന്നു. പിന്നീട് ലാഹോറിൽ എത്തി. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ മുൻപന്തിയിലായിരുന്നു. സ്കൂളിലെ ഹെഡ്മിസ്ട്രസ് ആയിരുന്നു. വിരമിച്ചിരുന്നു. 1947 ലാണ് ജനിച്ചത്. സ്വന്തം ഹൽഖയിലെ സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദുമായിരുന്നു അവർ. കുട്ടികളെ ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ മുൻപന്തിയിലേക്ക് കൊണ്ടു വന്നതിൽ അവർക്ക് മുഖ്യപങ്കുണ്ടായിരുന്നു. അല്ലാഹു അവരുടെയും പദവികൾ ഉയർത്തുമാറാകട്ടെ. ശഹീദ് മർഹൂമിന്റെയും മാതാവിന്റെയും സന്താനങ്ങളെ അല്ലാഹു സംരക്ഷിക്കട്ടെ. ജമാഅത്തുമായി അവരുടെ ബന്ധത്തെ സുദൃഢമാക്കട്ടെ. ഞാൻ അനുശോചന സന്ദേശം അയച്ചപ്പോൾ ശഹീദ് മർഹൂമിന്റെ സഹോദരൻ പഞ്ഞത്, ജമാഅത്തിനു വേണ്ടി ജീവത്യാഗത്തിന് ഞങ്ങൾ എപ്പോഴും സന്നദ്ധരാണ്. യാതൊരു തരത്തിലുള്ള ഭീരുത്വവും ഉടലെടുക്കുന്നതല്ല എന്നാണ്. അല്ലാഹു അവരെ സംരക്ഷിക്കട്ടെ. ധൈര്യം നൽകിയതോടൊപ്പം തന്നെ തന്റെ അനുഗ്രഹത്താൽ സുരക്ഷയുടെ കോട്ടയിലും എല്ലാവരെയും നിർത്തുമാറാകട്ടെ . ഞാൻ പറഞ്ഞതു പോലെ ഇന്ന് ജുമുഅ നമസ്കാരത്തിനു ശേഷം اِنْ شَآءَ اللّٰهُ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്.

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

## PRINTED BOOKS

**To**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 June 21 at : Baithul Futuh, U.K
Translation: T.M.Abdul Mujeeb, Kakkanad - 09946794987

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**